# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 562** — **02-12-2014 ലെ മറുപടിയ്ക്ക്**

## നികുതി പിരിവും നികുതി ഇളവുകളും

**ചോദ്യം**

**ശ്രീ. കെ.വി. വിജയദാസ് :**

**മറുപടി**

**ശ്രീ. കെ.എം. മാണി**
**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

**എ)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ നികുതി ഇനങ്ങളിലായി എത്ര കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്; എത്ര കോടി രൂപയായിരുന്നു പിരിച്ചെടുക്കേണ്ടിയിരുന്നത്; ഇതിൽ പിരിച്ചെടുക്കാനുള്ളത് എത്ര; വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

**എ)** 2011-12 മുതൽ 2014-15 (2014 സെപ്റ്റംബർ വരെ) വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് തനത് നികുതി ഇനത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരവും റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരവും പ്രതീക്ഷിച്ച വരുമാനം, ലഭിച്ച യഥാർത്ഥ വരുമാനം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ബഡ്ജറ്റ് എസ്റ്റിമേറ്റ് (Crores) | പുതുക്കിയ എസ്റ്റിമേറ്റ് (Crores) | അക്കൌണ്ട്സ് (യഥാർത്ഥ വരുമാനം) (Crores) |
|---|---|---|---|
| 2011-12 | 26641.53 | 26446.28 | 25718.60 |
| 2012-13 | 32122.21 | 31702.44 | 30076.61 |
| 2013-14 | 38771.10 | 35542.96 | 31995.02 |
| 2014-15 | 42467.49 | -- | 16948.13 (2014 സെപ്റ്റംബർ വരെ) |

**ബി)** 2014 – 15 വർഷത്തിൽ ബജറ്റ് നിർദ്ദേശമില്ലാതെ എത്രകോടി രൂപയാണ് അധികമായി (വിവിധ യിനങ്ങളിൽ) സംസ്ഥാന സർക്കാർ നികുതി ചുമത്തിയത്; വിശദാംശം നൽകുമോ;

**ബി)** കുടുംബാംഗങ്ങൾ തമ്മിലുള്ള ധന നിശ്ചയം, ഭാഗപത്രം, ദാനം, ഒഴിമുറി എന്നീ ആധാരങ്ങൾക്ക് മുദ്ര വിലയിലും രജിസ്ട്രേഷൻ ഫീസിലും ഉണ്ടായിരുന്ന പരിധി നീക്കം ചെയ്തുകൊണ്ട് 24-ാം നമ്പരായി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലൂടെ 2014-15 സാമ്പത്തിക വർഷം രജിസ്ട്രേഷൻ വകുപ്പ് 100 കോടി രൂപ അധിക

വരുമാനം പ്രതീക്ഷിക്കുന്നു. ഫെയർ വാല്യൂ 50 ശതമാനം വർദ്ധിപ്പിച്ചതിനാൽ 270 കോടിയുടെ വർദ്ധനവ് പ്രതീക്ഷിക്കുന്നു.

20 ലക്ഷത്തിന് മുകളിൽ വിലയുള്ള വാഹനങ്ങളുടെ ഒറ്റത്തവണ നികുതി വാഹന വിലയുടെ 20 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുവഴി ഏകദേശം 50 കോടിയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

വാണിജ്യ നികുതി വകുപ്പിൽ 24/2014 നമ്പർ ഓർഡിനൻസ് പ്രകാരം കെയ്സിന് 400 രൂപയിൽ കൂടുതൽ വാങ്ങൽ വിലയുള്ള ബിയറും വൈനും ഒഴികെയുള്ള വിദേശ മദ്യത്തിന്റെ നികുതി നിരക്ക് 115 ശതമാനത്തിൽനിന്നും 135 ശതമാനമായും ബിയർ, വൈൻ എന്നിവയുടെ നികുതി നിരക്ക് 50 ശതമാനത്തിൽനിന്ന് 70 ശതമാനമായും ഉയർത്തിയിട്ടുണ്ട്. കൂടാതെ സിഗരറ്റിന്റെ നികുതി നിരക്ക് 22 ശതമാനത്തിൽനിന്നും 30 ശതമാനമായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ വിദേശ മദ്യത്തിൽനിന്നും പ്രതിമാസം 75 കോടി രൂപയും ബിയർ, വൈൻ എന്നിവയിൽനിന്ന് പ്രതിമാസം 7.05 കോടി രൂപയും സിഗരറ്റിൽനിന്നും പ്രതിമാസം 20 കോടി രൂപയും അധിക വരുമാനം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുകൂടാതെ ക്യാന്റീൻ സ്റ്റോഴ്സ് മുഖേന വിൽക്കപ്പെടുന്ന വിദേശ മദ്യത്തിന്റെ Consessional Tax Rate 65 ശതമാനത്തിൽനിന്നും 70 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 40 ലക്ഷം രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

| | |
|---|---|
| **സി)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധയിനങ്ങളിലായി നികുതിയിളവുകൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ; | **സി)** രജിസ്ട്രേഷൻ വകുപ്പിൽ താഴെപറയുന്ന പ്രധാന ഇളവുകൾ നൽകിയിട്ടുണ്ട്.<br>1) കേരള മുദ്രപത്ര നിയമത്തിൽ ഭേദഗതി വരുത്തി കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ധനനിശ്ചയം, ദാനം, ഒഴുമുറി എന്നീ ആധാരങ്ങൾക്ക് പരമാവധി 1000 രൂപ മുദ്രവില ഈടാക്കിയാൽ മതിയാകുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>2) KHSB/GCDA എന്നിവയുടെ ആധാരങ്ങളെ ഫെയർ വാല്യൂ പ്രകാരമുള്ള വർദ്ധിച്ച മുദ്ര/ ഫീസിൽനിന്ന് ഒഴിവാക്കി.<br>3) കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ധനനിശ്ചയം, ദാനം, ഒഴുമുറി എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് വിലയുടെ 1% എന്നതിനു |

വിധേയമായി പരമാവധി 25,000/- രൂപയായി കുറവുചെയ്തിരുന്നു. എന്നാൽ 08-10-2014 -ലെ ഉത്തരവിലൂടെ കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ഒഴിമുറി എന്നീ ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി പരമാവധി 1000 രൂപ എന്നത് ഒഴിവാക്കി 1% എന്നും ദാനം, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി പരമാവധി 1000 രൂപ എന്നത് ഒഴിവാക്കി 2% എന്നും ഭേദഗതി വരുത്തുകയുണ്ടായി. കൂടാതെ കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ധനനിശ്ചയം, ദാനം, ഒഴുമുറി എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് പരമാവധി 25000 എന്നത് ഒഴിവാക്കി വിലയുടെ 1% എന്നാക്കിയും ഭേദഗതി വരുത്തി.

4) KSHB-യുടെ Land and Flats കളുടെ രജിസ്ട്രേഷന് 50% മുദ്രയിളവുനൽകി.

5) 01-04-2013 മുതൽ തീറാധാരങ്ങളുടെ മുദ്രനിരക്കിൽ 2% കുറവുവരുത്തി.

6) വാണിജ്യ ബാങ്കുകൾ നൽകുന്ന കാർഷിക വിദ്യാഭ്യാസ വായ്പകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി പൂർണ്ണമായി ഒഴിവാക്കി.

7) ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുടെ പേർക്ക് വസ്തു വാങ്ങുന്നതിനുള്ള തീറാധാരങ്ങളുടെ മുദ്രയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി.

വാണിജ്യ നികുതി വകുപ്പിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിയ ഇളവുകളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

**ഡി)** ഇപ്രകാരം ഇളവു നൽകിയ ഇനങ്ങളുടെ കഴിഞ്ഞ മൂന്നു വർഷക്കാലത്തെ നികുതിയുടെ സ്റ്റേറ്റ്മെന്റ് നൽകുമോ ?

**ഡി)** വിവരം ശേഖരിച്ച് നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

## കേരള ധനകാര്യ നിയമം മുഖേന നൽകിയിട്ടുള്ള ഇളവുകൾ

2011-12

- സെൻട്രൽ പോലീസ് ക്യാന്റീൻ മുഖേന വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന സാധനങ്ങൾക്ക് അവയ്ക്ക് ബാധകമാകുന്ന നികുതി നിരക്കിന്റെ പകുതി നിരക്ക് എന്ന ആനുകൂല്യം നൽകിയിട്ടുണ്ട്.
- കേരള ആഡംബര നികുതി നിയമത്തിൻ കീഴിൽ കോമ്പൗണ്ടഡ് നികുതി അടയ്ക്കുന്ന ഹൗസ് ബോട്ടുകൾക്ക്, അവർ ഹൗസ് ബോട്ടിൽ വിതരണം ചെയ്യുന്ന പാകം ചെയ്ത ഭക്ഷണ പാനീയങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
- വളങ്ങൾ, ജൈവവളങ്ങൾ, ജൈവകീടനാശിനികൾ, നൈലോൺ പോളിയസ്റ്റർ റോപ്പുകൾ, ചെക്കുകൾ, പാൽകറക്കുന്ന യന്ത്രം, തെങ്ങ് കയറ്റ യന്ത്രങ്ങൾ, ബോൺമീൽ, ഓർഗാനിക് മീൽ, ലെതർ മീൽ, ആരാധനാലയങ്ങളുടെ കോമ്പൗണ്ടിനുള്ളിൽ ആരാധനാവശ്യങ്ങൾക്കായി →

ക്ഷേത്രങ്ങൾക്ക് വിൽക്കുന്ന സാധനങ്ങൾ എന്നിവയെ ഒന്നാം ഷെഡ്യൂളിൽ ഉൾപ്പെടുത്തി നികുതി വിമുക്തമാക്കിയിട്ടുണ്ട്. മാനുഫാക്ച്വേർഡ് സാൻഡ്, മണ്ണ്, ജിപ്സം എന്നിവയുടെ നിരക്ക് 5% ആയി കുറച്ചിട്ടുണ്ട്.

2012-13

- ഇൻട്രാഓക്കുലർ ലെൻസ്, തുണി ബാഗുകൾ, തേൻ, തേനീച്ചപ്പെട്ടി അനുബന്ധ ഉപകരണങ്ങൾ, ഹാർട്ട് വാൽവ്, കാർഡിയാക്ക് സ്റ്റെന്റ്, പുളിങ്കുരുപ്പൊടി, എന്നിവയെ നികുതി വിമുക്തമാക്കി
- മുളക്, മല്ലി, ഭക്ഷ്യ എണ്ണ, പയർവർഗ്ഗങ്ങൾ ധാന്യപ്പൊടികൾ, മൈദ, സൂചി, ഗോതമ്പ് പൊടി എന്നിവയുടെ നിരക്ക് 4% നിന്നും 1% ആയി കുറച്ചു.
- ഡ്രഗ്സ് ലൈസൻസിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്ന ആയുർവേദ ഉൽപ്പന്നങ്ങൾ, തൊട്ടിൽ, ഇലക്ട്രോണിക്ക് ടോയിലറ്റുകൾ, പാക്ക് ചെയ്ത കരിക്കിൻ വെള്ളം, ചുക്ക് കാപ്പിപ്പൊടി, ഏത്തക്ക വറ്റൽ, മരച്ചീനിവറ്റൽ, ചക്ക വറ്റൽ എന്നിവയുടെ നികുതി നിരക്ക് 12.5% നിന്നും 5% ആയി കുറച്ചു.
- വാറ്റ് നികുതിയുടെ മേൽ ചുമത്തിയിരുന്ന 1% സാമൂഹിക സുരക്ഷാ സെസ്സ് ഒഴിവാക്കി
- സെൻട്രൽ പോലീസ് ക്യാന്റീനിനോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കേരള പോലീസിന്റെ സബ്സിഡിയറി ക്യാന്റീനുകൾ മുഖേന വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന സാധനങ്ങൾക്ക് അവയ്ക്ക് ബാധകമാകാവുന്ന നികുതി നിരക്കിന്റെ പകുതി നികുതി നിരക്ക് എന്ന ആനുകൂല്യം നൽകിയിട്ടുണ്ട്.

2013-14

- അരി, തീരമൈത്രി യൂണിറ്റുകൾ നിർമ്മിച്ച് അവരുടെ ബ്രാൻഡ് പേരിൽ വിൽക്കുന്ന ഉത്പന്നങ്ങൾ എന്നിവയെ ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തി നികുതി വിമുക്തമാക്കിയിട്ടുണ്ട്.
- ഐസ്, സൗരോർജ്ജ ഉപകരണങ്ങളും സ്പെയർ പാർട്ടുകളും എന്നിവയുടെ നികുതി നിരക്ക് 1% ആയി കുറച്ചു.
- മുനിസിപ്പൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ, വാട്ടർബെഡ്ഡുകൾ, ലെഡ് ഓക്സൈഡ്, ഗാർഹികാവശ്യത്തിനുള്ള ഗ്ലാസുകൾ, അഗ്രോ-ഷെയിഡ് നെറ്റുകൾ, എഡിബിൾ സോയാചങ്ക്സ് എന്നിവയുടെ നികുതി നിരക്ക് 5% ആയി കുറച്ചു.
- ക്ഷീര വിതരണ സഹകരണ സംഘങ്ങൾ നടത്തുന്ന ക്യാന്റീനുകളിൽ വിൽക്കുന്ന ഭക്ഷണപാനീയങ്ങളെ 1.04.2011 മുതൽ നികുതി വിമുക്തമാക്കി

- അംഗീകൃത ലേല കേന്ദ്രത്തിലൂടെയുള്ള ഏലത്തിന്റെ നികുതി ആ പോയിന്റിൽ മാത്രം 2 ശതമാനമായി കുറച്ചു
- കമ്പനി ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികൾ ഒഴികെ ഉള്ളവരെ കാർഷികാദായ നികുതിയിൽ നിന്നും ഒഴിവാക്കി.
- ഐക്യരാഷ്ട്ര സംഘടനയെയും മറ്റ് സമാന അന്താരാഷ്ട്ര സംഘടനകളെയും ആഡംബര നികുതിയിൽ നിന്നുമൊഴിവാക്കി. 500 രൂപവരെയുള്ള പാദരക്ഷകളുടെ നികുതി 5 ശതമാനമാക്കി.

2014-15

- മൈദ, സൂചി, ഗോതമ്പ് പൊടി, ഗോതമ്പ് തവിടെണ്ണ, എന്നിവയെ നികുതി വിമുക്തമാക്കി
- FCI അംഗീകൃത റേഷൻ മൊത്ത കച്ചവട വ്യാപാരികൾക്ക് വിറ്റ അരിയെ 1.04.2005 മുതൽ നികുതി വിമുക്തമാക്കിയിട്ടുണ്ട്.
- ഉഴുന്ന് പൊടി, വെളിച്ചെണ്ണ ഉപയോഗിച്ച് ഉണ്ടാക്കുന്ന വാഷിംഗ് സോപ്പ്, ബാർ / കേക്ക് എന്നിവയുടെ നിരക്ക് 1% ആക്കി കുറച്ചു.
- ബ്രാന്റഡ്, അൺബ്രാന്റഡ് വ്യത്യാസമില്ലാതെ കേക്കുകൾ, ഹൽവ, മിക്സ്ചർ, ലഡ്ഡു, ജിലേബി, എന്നിവയുടെ നികുതി 5% ആക്കി.
- റബ്ബർ സ്റ്റേ ഓയിലിന്റെ നിരക്ക് 5% ആയി കുറച്ചു.
- എൽ.പി.ജി സിലിണ്ടറുകൾക്ക് DBTL സംവിധാനം നടപ്പിലാക്കിയതിനോടനുബന്ധിച്ച് സബ്സിഡി തുകയിന്മേലുള്ള നികുതി ഒഴിവാക്കി.
- ഓഫ് സീസണായ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഹോട്ടലുകളുടെ ആഡംബര നികുതി നിരക്ക് 5% ആയി കുറച്ചു.
- വിനോദസഞ്ചാര വകുപ്പ് അംഗീകരിക്കുന്ന ശിൽപശാലകൾക്കും കൺവെൻഷനുകൾക്കും 20000 രൂപയ്ക്കു മുകളിൽ വാടകയുള്ള ഓഡിറ്റോറിയങ്ങളും കൺവെൻഷൻ സെന്ററുകളും ഉപയോഗിക്കുമ്പോൾ അവയുടെ ആഡംബര നികുതി 20% നിന്നും 10% ആയി കുറച്ചിട്ടുണ്ട്.
- ആദായ നികുതി നിയമപ്രകാരമുള്ള നികുതി ഒഴിവിനുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ കമ്മീഷണർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നിബന്ധനകൾക്ക് വിധേയമായി ചാരിറ്റബിൾ ആശുപത്രികൾക്ക് അവർ തങ്ങളുടെ രോഗികൾക്ക് വിൽക്കുന്ന കോമ്പൗണ്ടഡ് നികുതി ഒടുക്കിയ മരുന്നുകൾ, ലബോറട്ടറി സ്റ്റോർ ഐറ്റങ്ങൾ, കൺസ്യൂമബിൾ എന്നിവയെ നികുതി വിമുക്തമാക്കിയിട്ടുണ്ട്.

10 ആം വകുപ്പ് പ്രകാരം കേരള പൊതുവിൽപന നികുതി നിയമത്തിൻ കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിയ ഇളവുകൾ താഴെ സൂചിപ്പിച്ചിരിക്കുന്നു.

S.R.O. No. 523/2011 [G.O(P) No. 112/2011/TD dtd: 23.8.11)

കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് എയർപോർട്ടുകളെ ബന്ധിപ്പിച്ചുകൊണ്ട് സംസ്ഥാനത്തിനുള്ളിൽ ആഭ്യന്തര സർവീസ് നടത്തുന്ന എയർഇന്ത്യയുടെ ഫ്ലൈറ്റുകളിൽ നിറയ്ക്കുന്ന ഏവിയേഷൻ ടർബൈൻ ഫ്യുവലിന്മേലുള്ള വിൽപന നികുതി 31.03.2012 വരെ ഒഴിവാക്കിയിട്ടുണ്ട്.

S.R.O. No. 759/2011 [G.O(P) No. 179/11/TD dtd: 28.11.11)

മത്സ്യബന്ധന നൗകകൾ അല്ലാതെയുള്ള Foreign going vessels ൽ നിറയ്ക്കുന്ന ഹൈഫ്ലാഷ് ഹൈസ്പീഡ് ഡീസലിന്റെ വിൽപനനികുതി നിരക്ക് അര ശതമാനമായി കുറവ് ചെയ്തു.

S.R.O. No. 853/2012 [G.O(P) No. 259/12/TD dtd: 6.12.12)

വിനോദസഞ്ചാരവകുപ്പിന്റെ അംഗീകാരത്തോടെയുള്ള ടൂറിസം പ്രോജക്റ്റിന്റെ ഭാഗമായി സംസ്ഥാനത്തിനുള്ളിൽ പ്രവർത്തിക്കുന്ന Sea plane കളിൽ നിറയ്ക്കുന്ന ഏവിയേഷൻ ടർബൈൻ ഫ്യുവലിന് 31.3.2017 വരെ നികുതി ഒഴിവ് നൽകിയിട്ടുണ്ട്.

S.R.O. No. 459/13 [G.O(P) No. 121/2013/TD dtd: 5.6.13]

രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി തങ്ങളുടെ പരിശീലനത്തിനു വേണ്ടി ഉപയോഗിക്കുന്ന എയർക്രാഫ്റ്റുകളിൽ നിറയ്ക്കുന്ന ഏവിയേഷൻ ഗ്യാസോലിന്റെ വിൽപനനികുതിനിരക്ക് 47.62 ശതമാനത്തിൽ നിന്നും 5 ശതമാനമായി കുറച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ